A2 മാവൂർ ഗ്രാ.പ 30/11/23

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400989/RPTL10/General/2023/9619/(1)

മാവൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

മാവൂർ
മാവൂർ.പി.ഓ
കോഴിക്കോട്
Phone No:04952883133
E-mail:mavoorgp@gmail.com

തീയതി : 29/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫീസർ 2 & കൺവീനർ (സ്ഥിരം അദാലത്ത് ഉപസമിതി) ജോയിന്റ് ഡയറക്ടറുടെ കാര്യാലയം സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020

സർ,

വിഷയം:- ഫാക്ടറികൾ ,വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ - ലൈസൻസ് അനുവദിക്കൽ-തദ്ദേശ സ്വയം ഭരണ വകുപ്പ-സ്ഥിരം അദാലത്ത്-ഡോ.പികെ വാരിയർക്ക് ലൈസൻസ് അനുവദിക്കാത്തത് സംബന്ധിച്ച്.

സൂചന:- ബഹു: ജോയിൻറ് ഡയറക്ടറുടെ കാര്യാലയത്തിലെ 14/11/2023 ലെ IVO2/04/23 നമ്പർ കത്ത് .

മാവൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 13/646,13/647 കെട്ടിട മുറികളിൽ ഡോ: കെ.വി എം വാരിയർ ,നിർമ്മല ഭവൻ, കല്ലേരി എന്നവരുടെ ഉടമസ്ഥതയിൽ വാരിയർ ഫാർമസി,ഔഷധി ഏജൻസി എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്, പ്രസ്തുത സ്ഥാപനങ്ങൾക്ക് 18/02/2022 ന് B4/668/2022, B4/669/2023 നമ്പർ പ്രകാരം സമർപ്പിച്ച ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിൽ 04/04/2022 തിയ്യതിയിൽ 074/2022-23,075/2022-23 നമ്പറുകളിലായി 2022-23 സാമ്പത്തീക വർഷം ലൈസൻസ് പുതുക്കി നല്കിയിട്ടുള്ളതും 21/07/2022 ന് അദ്ദേഹം ലൈസൻസ് നേരിട്ട് കൈപ്പറ്റിയിട്ടുള്ളതുമാണ്.

09/02/2023 ന് B4/1782/2023, B4/1783/2023 നമ്പറുകളിലായി ഔഷധി ഏജൻസി,വാരിയർ ഫാർമസി എന്നീ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തീക വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും 04/2023-24 ,05/2023-24 നമ്പറുകളിലായി 01/04/2023 ന് ലൈസൻസ് പുതുക്കി നല്കിയിട്ടുള്ളതും അദ്ദേഹം ലൈസൻസ് നേരിട്ട് കൈപ്പറ്റുയും ചെയ്തിട്ടുള്ളതാണ്.

ഡോ: കെ.വി എം വാരിയർ നടത്തുന്ന 2 സ്ഥാപനങ്ങൾക്കും എല്ലാ വർഷവും ലൈസൻസ് അനുവദിച്ചു വരുന്നതാണ്. പാരാമെഡിക്കൽ രജിസ്ട്രേഷൻ പൊല്യൂഷൻ കൺട്രോൾ ബോർഡിൻറെ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിബന്ധനയോടെ 2021-22 വരെ രജിസ്ട്രേഷൻ പുതുക്കി നല്കിയിരുന്നു.പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ കെ.പി.ആർ ആക്ട് സെക്ഷൻ 269 മുതൽ 271 വരെ ,1997 ലെ ചട്ടങ്ങളും ,09/12/2012 ലെ 47724/ഡി.സി1/11/എൽഎസ്ജിഡി നമ്പർ സർക്കുലർ പ്രകാരം പാരാമെഡിക്കൽ രജിസ്ട്രേഷൻ നല്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്.പിസിബി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് അപേക്ഷകനോട് നിർദ്ദേശിച്ചിരുന്നെങ്കിലും അപേക്ഷകൻ ആയത് ഹാജരാക്കാതിരുന്നതിലാണ് 2022-23 സാമ്പത്തിക വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി നല്കാതിരുന്നത്.

പൊല്യൂഷൻ കൺട്രോൾ ബോർഡിൻറെ നിരാക്ഷേപ സാക്ഷ്യപത്രവും മറ്റ് അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറക്ക് പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. കൂടാതെ ഡോ: കെ.വി എം വാരിയർ മാവൂർ ഗ്രാമ പഞ്ചായത്തിൽ നടത്തുന്ന 2 സ്ഥാപനങ്ങൾക്കും യഥാസമയം ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെന്നും ലൈസൻസ് അനുവദിക്കാതെ യാതൊരു വിധത്തിലും അപേക്ഷകനെ പ്രയാസപ്പെടുത്തിയിട്ടില്ലെന്നും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

വിനോദ് കുമാർ ടി എം

സെക്രട്ടറി

Secretary
MAVOOR GRAMA PANCHAYATH
P.O. MAVOOR